**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടു- കൊണ്ടുള്ളതും ജീവനോപാധികൾക്ക് ഉതകുന്നതും വരുമാനദായകവുമായ പദ്ധതികൾ ഉൾക്കൊള്ളിച്ച് കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് SCA to SCSP. പരിമിതമായ വിഭവങ്ങളിൽ നിന്നും ഉൽപാദനക്ഷമതയും വരുമാനവും കൂട്ടുന്നതിനും പട്ടികജാതിക്കാരുടെ തൊഴിൽഘടനയ്ക്ക് അനുസൃതമായ സാമ്പത്തിക പുരോഗമന പദ്ധതികൾക്ക് ഊന്നൽ നൽകുകയുമാണ് ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നത്.<br><br>മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റികൾ അംഗീകാരം നൽകുന്ന പ്രൊപ്പോസലുകളാണ് ഇതിനായി പരിഗണിക്കുന്നത്.<br><br>നിലവിൽ ടി പദ്ധതിയെ പ്രധാൻമന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (PM-AJAY) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ ടി പദ്ധതികൾക്കായുള്ള ആക്ഷൻ പ്ലാൻ ഓൺലൈൻ ആയി സമർപ്പിക്കുവാൻ കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയും അതുപ്രകാരമുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ച് വരികയുമാണ്.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് വഴി നടപ്പിലാക്കുന്നില്ല . |

സെക്ഷൻ ഓഫീസർ